# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ

## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

---

*(പ്രസിദ്ധീകരണത്തിന്)* 25.02.2018

### (സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)

### കടന്നപ്പള്ളിയ്ക്കെതിരായ അക്രമത്തിൽ പ്രതിഷേധിക്കുക

സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനെ കണ്ണൂർ ടൗണിൽ വെച്ച് ഒരു സംഘം കോൺഗ്രസ് പ്രവർത്തകർ കയ്യേറ്റം ചെയ്തതിൽ സി.പി.ഐ (എം) സംസ്ഥാന സമ്മേളനം ശക്തിയായി പ്രതിഷേധിക്കുന്നു. ഇന്ന് രാവിലെയാണ് ഈ സംഭവമുണ്ടായത്. കണ്ണൂർ ടൗണിലുള്ള ഇന്ത്യൻ കോഫി ഹൗസിലേക്ക് പോകുന്ന വഴിയ്ക്കാണ് ഈ ഹീനമായ സംഭവമുണ്ടായത്. മന്ത്രിക്കെതിരെ അസഭ്യം പറയുകയും, കൈയ്യേറ്റത്തിന് മുതിരുകയും ചെയ്തു. സംസ്ഥാനമാകെ അക്രമം അഴിച്ചുവിടാനുള്ള ഗൂഢാലോചനയായിട്ടാണ് ഈ സംഭവമെന്ന് കരുതേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ സമാധാന അന്തരീക്ഷം തകർക്കാനുള്ള നീക്കത്തിൽ ജനങ്ങളാകെ ജാഗ്രത പുലർത്തണം. കടന്നപ്പള്ളിയുടെ നേരെ നടന്ന ഹീനമായ കൈയ്യേറ്റത്തിൽ ജനങ്ങളൊന്നിച്ച് പ്രതിഷേധ ശബ്ദം ഉയർത്തണമെന്ന് ഈ സമ്മേളനം അഭ്യർത്ഥിയ്ക്കുന്നു.